**കേരള സർക്കാർ**

റവന്യൂ (എൽ) വകുപ്പ്

**<u>സർക്കുലർ</u>**

നമ്പർ.എൽ1/93/2024/റവ 02-04-2025,തിരുവനന്തപുരം

വിഷയം:- റവന്യൂ വകുപ്പ് -സർക്കാർ ഭൂമിയുമായി ബന്ധപ്പെട്ട ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന:-
1. 03.07.2010ലെ 23479/യു1/2011/റവ നമ്പർ സർക്കുലർ.
2. 02.04.2019ലെ സ.ഉ(കൈ) നം.116/2019/റവ നമ്പർ ഉത്തരവ്.
3. 18/11/2020ലെ എ4/223/2019/റവ നമ്പർ സർക്കുലർ.

കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ് പ്രകാരം സംസ്ഥാന സർക്കാർ വക ഭൂമിയുടെ ഉടമസ്ഥാവകാശം, ഭൂമി പാട്ടത്തിന് കൊടുക്കൽ, പതിച്ചു നൽകൽ, ഭൂസംരക്ഷണം, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ കർത്തവ്യങ്ങൾ റവന്യൂ വകുപ്പിൽ മാത്രം നിക്ഷിപ്തമാണ്. മേൽ സൂചന പ്രകാരമുള്ള സർക്കുലറുകളിലും സർക്കാർ ഉത്തരവിലും ഇക്കാര്യങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ നിലവിലുള്ള ചട്ടങ്ങൾ കണക്കിലെടുക്കാതെയും റവന്യൂ വകുപ്പിന്റെ അറിവോ സമ്മതമോ കൂടാതെയും സർക്കാർ ഭൂമി സംബന്ധിച്ച് മറ്റ് വകുപ്പുകൾ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ സർക്കാർ ഭൂമി സംബന്ധിച്ച്, ഭൂമി ഏത് വകുപ്പിന്റേതായാലും, പാട്ടത്തിനു കൊടുക്കൽ, പതിച്ചു നൽകൽ, ഭൂസംരക്ഷണം, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ ഉത്തരവുകൾ പുറപ്പെടുവിക്കാൻ നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് റവന്യൂ വകുപ്പിന് മാത്രമേ അധികാരമുള്ളൂ എന്ന വസ്തുത സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളും ശ്രദ്ധിക്കേണ്ടതും, ചട്ടങ്ങൾക്ക് വിരുദ്ധമായി ഉത്തരവ് പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ വ്യക്തമായ നടപടി അതാതു വകുപ്പുകൾ സ്വീകരിക്കേണ്ടതുമാണ്.

DISTRICT COLLECTOR
KANNUR
11/4/25

റവന്യൂ വകുപ്പിൽ നിന്നല്ലാതെ മറ്റ് വകുപ്പുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാലിക്കപ്പെടേണ്ടതില്ലായെന്നും, അത്തരം ഉത്തരവുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണെന്നും ജില്ലാ കളക്ടർമാർക്കും മറ്റ് റവന്യൂ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകുന്നു.

TINKU BISWAL
PRINCIPAL SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

Scanned with OKEN Scanner

അംഗീകാരത്തോടെ

Signed by
Priya Vincent
Date: 10-04-2025 15:41:39

സെക്ഷൻ ഓഫീസർ.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/ സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ ജോയിന്റ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർ.

നിയമ/ധനകാര്യ വകുപ്പ് ഉൾപ്പെടെ എല്ലാ വകുപ്പുകളും സെക്ഷനുകളും.

ലാൻഡ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ (എല്ലാ ജില്ലയിലെയും).

മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്,

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Scanned with OKEN Scanner